# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1500** **05.02.2019 ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിൽ കേരഗ്രാമം പദ്ധതി

**ചോദ്യം**

**ശ്രീ.കെ.ഡി. പ്രസേനൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

എ) 2018-19 വർഷം പാലക്കാട് ജില്ലയിൽ 8 കേരഗ്രാമങ്ങളാണ് അനുവദിച്ചിരിക്കുന്നത്. ആയവ രൂപീകരിച്ചിരിക്കുന്ന പഞ്ചായത്തുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | കേരഗ്രാമ പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ പേരും വിസ്തീർണ്ണവും |
|---|---|
| 1 | പൊറ്റശ്ശേരി (250 ha) |
| 2 | കാരാകുറിശ്ശി (250 ha ) |
| 3 | ആലത്തൂർ (160), എരിമയൂർ (90 ha) |
| 4 | മുതലമട (250 ha) |
| 5 | അനങ്ങനടി (250 ha) |
| 6 | കൊപ്പം (250 ha) |
| 7 | പുതുപ്പരിയാരം (100 ha), പുതുശ്ശേരി (150 ha) |
| 8 | അലനല്ലൂർ(250 ha) |

ബി) ഈ പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ബി) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതും നിഷ്കർഷിച്ചിരിക്കുന്ന സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്.

1) സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം

രൂപ ലഭിക്കുന്നു. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

| | |
|---|---|
| a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ | 35 രൂപ / തെങ്ങ് |
| b) തൊണ്ട് കുഴിച്ചിടീൽ | 50 രൂപ / തെങ്ങ് |
| c) കുമ്മായം | 9 രൂപ / തെങ്ങ് |
| d) രാസവളം | 20 രൂപ / തെങ്ങ് |
| e) മഗ്നീഷ്യം സൾഫേറ്റ് | 3.75 രൂപ / തെങ്ങ് |
| f) ജൈവവളം | 25 രൂപ / തെങ്ങ് |
| g) സസ്യസംരക്ഷണം | 10 രൂപ / തെങ്ങ് |
| h) ജീവാണു വളങ്ങൾ, ജൈവീകനിയന്ത്രണോ പാധികൾ പ്രയോഗിക്കുന്നതിന് | 75 രൂപ / തെങ്ങ് |
| I) രോഗം ബാധിച്ചതും ഉല്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് | 1000 രൂപ / തെങ്ങ് |
| j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് | 60 രൂപ / തെങ്ങ് |
| k) ഇടവിളകൃഷി | 6000 രൂപ ഹെക്ടറിന് |

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ.

4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ- ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായ 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം.

Manoj

**സെക്ഷൻ ഓഫീസർ**